# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3964

31-01-2014-ൽ മറുപടിക്ക്.

### എൽ.എൻ.ജി ടെർമിനലിന്റെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ. എ.എം.ആരിഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ച എൽ.എൻ.ജി ടെർമിനൽ തുടക്കത്തിൽ തന്നെ പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എൽ.എൻ.ജി.യുടെ വില വർദ്ധന ഈ സ്ഥാപനത്തെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായി ; കൊച്ചി ടെർമിനലിൽ നിന്നും എൽ.എൻ.ജി. സംഭരണശേഷിയുടെ എത്ര ശതമാനമാണ് ഇതിനകം ഉപയോഗിക്കാൻ കഴിഞ്ഞത്; | (ബി) നിലവിൽ പെട്രോനെറ്റ് LNG ലിമിറ്റഡ് (PLL) അവർ വാങ്ങുന്ന LNG അതേ വിലയ്ക്ക് തന്നെയാണ് (customs തീരുവ അടക്കം) ഉപഭോക്താക്കൾക്ക് നൽകുന്നത്. വിലയ്ക്കു പുറമേ ഒരു mmbtu വിന് 62 രൂപ എന്ന നിരക്കിൽ re-gasification ചാർജും ഈടാക്കുന്നുണ്ട്. ഇതിലൂടെ ഈ സ്ഥാപനത്തിന്റെ പ്രവർത്തന ചിലവ്പോലും വീണ്ടെടുക്കാൻ നിലവിൽ സാധിക്കുന്നില്ലെന്ന് PLL അറിയിച്ചിട്ടുണ്ട്. തുടക്കത്തിൽ ഈ ടെർമിനലിന്റെ സ്ഥാപിത ശേഷിയുടെ ഏകദേശം 5% നിരക്കിൽ ഉപഭോഗം ഉണ്ടായിരുന്നെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് FACT, RLNG ഉപഭോഗം നിർത്തിവച്ചതു കാരണം ഇത് 2% ആയി കുറഞ്ഞിട്ടുണ്ട്. |
| (സി) ബി.പി.സി.എൽ, ഫാക്ട് തുടങ്ങിയ സംസ്ഥാനത്തെ എൽ.എൻ.ജി. ഉപഭോക്താക്കൾ ടെർമിനലിൽ നിന്നും എൽ.എൻ.ജി. വാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ച സാഹചര്യം എന്താണെന്ന് അറിയാമോ; | (സി) ബി.പി.സി.എൽ, ഇപ്പോഴും RLNG ഉപയോഗിക്കുന്നുണ്ട്. RLNG യ്ക്ക് നൽകേണ്ടി വരുന്ന ഉയർന്ന വില കാരണം FACT യുടെ plant ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്ന കാരണത്താലാണ് FACT, RLNG ഉപഭോഗം ഇപ്പോൾ നിർത്തിവച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രതിസന്ധി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായോ; എങ്കിൽ അനുകൂലമായ പ്രതികരണം ലഭിക്കുകയുണ്ടായോ; | (ഡി) | മേൽപ്പറഞ്ഞ പ്രതിസന്ധികൾ PLL കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിന്റെയും, കേന്ദ്ര രാസവള മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | രാജ്യത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ദ്രവീകൃത പ്രകൃതി വാതകത്തിന്റെ വിഹിതം കേരളത്തിന് നൽകണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുമോ; വിശദമാക്കാമോ? | (ഇ) | നിലവിൽ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനോ ഒരു പത്യേക മേഖലയ്ക്കോ LNG സംഭരണം ചെയ്യുന്നതിനുള്ള നിയമം നിലവിലില്ല. എന്നാൽ കൊച്ചി ടെർമിനലിൽ നിന്നും ലഭ്യമാകുന്ന LNG യുടെ ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ഇത്തരമൊരു ആവശ്യത്തിന് ഇപ്പോൾ പ്രസക്തിയുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ